**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4864** **20-03-2025 - ൽ മറുപടിയ്ക്ക്**

**റോഡു നിർമ്മാണ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്ഥിരമായി റോഡപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഈ സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടം പതിവായ സ്ഥലങ്ങളിൽ ബ്ലാക്ക് സ്പോട്ട് റെക്ടിഫിക്കേഷൻ പഠനം നാറ്റ്പാക് മുഖാന്തിരം നടത്തി പ്രസ്തുത പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KRSA യുടെ ഉൾപ്പെടെയുള്ള ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, അപകട സാധ്യതാമേഖല സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, No Overtaking, ഷെവറോൺ എന്നീ സൈൻ ബോർഡുകൾ, അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ, കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ മാർക്കിംങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ സ്ഥിരമായി അപകടമുണ്ടാകുന്ന Blackspot കൾ NHAI identify ചെയ്ത തരികയും ഈ സ്ഥലങ്ങളിൽ temporary ആയും permanent ആയുമുള്ള വിവിധ Black spots റെക്ടിഫിക്കേഷൻ പ്രവർത്തികൾ നടത്തി signboards, Traffic Safety Measures എന്നിവ നൽകി അപകടങ്ങൾ ഇല്ലാതാക്കാറുണ്ട്. |
| (ബി) | കൊടുംവളവുകൾ നേരെയാക്കുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കൊടുംവളവുകൾ നേരെ ആക്കുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാറുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ ഇതിന്റെ ഭാഗമായി നടത്താറുണ്ട്. റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, No overtaking സൈൻ ബോർഡുകൾ ഷെവറോൺ എന്നീ സൈനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ സ്ഥാപിക്കൽ എന്നിവ ഫണ്ട് ലഭ്യതക്കനുസരിച്ച് ചെയ്തു വരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിംങ്ങുകളും സ്റ്റഡുകളും, ഓവർടേക്കിംഗ് അനുവദനീയമല്ല എന്നറിയിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകളും സ്ഥാപിക്കൽ ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും, അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകളും കൂടുതലായി സ്ഥാപിക്കുന്നത് ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ